**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5286** **01.07.2014-ൽ മറുപടിയ്ക്ക്**

# ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ബാണാസുര സാഗർ ഹൈഡൽ ടൂറിസം പദ്ധതിയുടെ മാസ്റ്റർ പ്ളാൻ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതിയുടെ വികസനത്തിന് വേണ്ടി 135.80 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന മെഗാ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നു. ഈ പദ്ധതി പ്രകാരം ബാണാസുരസാഗർ തടാകത്തിലെ 28 ദ്വീപുകളിൽ ഓരോന്നിലും അവയുടെ പരിസ്ഥിതിക്ക് അനുസൃതമായി വൈവിധ്യ പൂർണ്ണമായ താമസ സൌകര്യങ്ങൾ ഉൾപ്പെടെയുള്ള ആകർഷണങ്ങളും മേൽപ്പറഞ്ഞ ദ്വീപുകളെ ബന്ധിപ്പിക്കുന്ന തരത്തിൽ ഹോവർക്രാഫ്റ്റ്, റോപ്പ്‌വേ തുടങ്ങിയ യാത്രാ സൌകര്യങ്ങളും സ്ഥാപിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. മേൽപ്പറഞ്ഞ മാസ്റ്റർ പ്ലാനിന് നിലവിൽ അംഗീകാരം ആയിട്ടില്ല. |
| (ബി) | പ്രസ്തുത പ്ളാൻ എന്നാണ് സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | 2010 ആഗസ്റ്റ് മാസം 6-ാം തീയതി. |
| (സി) | ഇതു സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം ഫയലുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) | ബാണാസുരസാഗർ മെഗാ ഹൈഡൽ ടൂറിസം പദ്ധതിയുടെ വികസനത്തിനായി കേന്ദ്ര ടൂറിസം ഫണ്ടുകൾ സുഗമമായി ലഭിക്കുന്നതിന് ഹൈഡൽ ടൂറിസം ഒരു പ്രത്യേക കമ്പനിയാക്കി രൂപീകരിക്കണമെന്ന് കേന്ദ്ര ടൂറിസം വകുപ്പ് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നതും കമ്പനി രൂപീകരിക്കുന്നതും സംബന്ധിച്ച നിർദ്ദേശങ്ങൾ വൈദ്യുതി ബോർഡിന്റെ പരിഗണനയിലാണ്. ഇതു സംബന്ധിച്ച് സർക്കാരിൽ ഫയലുകളൊന്നും നിലവിലില്ല. |

(ഡി) ബാണാസുരസാഗർ തടാകത്തിലെ ദ്വീപുകളെ ബന്ധപ്പെടുത്തി ടൂറിസം പദ്ധതികൾ ആവിഷ്ക്കരിക്കുമോ ?

(ഡി) ബാണാസുരസാഗർ തടാകത്തിലെ ദ്വീപുകളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയ മാസ്റ്റർ പ്ലാന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടൂറിസം പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ.**